## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 4354

28.06.2012 ൽ
മറുപടിയ്ക്ക്

### കുടിയേറ്റ കർഷകർക്ക് ഉപാധിരഹിത പട്ടയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ. പി. തിലോത്തമൻ<br>ശ്രീ.കെ. രാജു | ശ്രീ.അടൂർ പ്രകാശ്<br>(ബഹു.റവന്യു വകുപ്പ് മന്ത്രി) |
| എ) 1977 ജനുവരി ഒന്നിനുമുമ്പ് കുടിയേറിയ എല്ലാ കർഷകർക്കും ഉപാധിരഹിത പട്ടയം നൽകാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ പട്ടയം നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (എ) (ബി) & (സി) സംസ്ഥാനത്ത് 1977 നു മുൻപ് വനഭൂമി കുടിയേറിയ കർഷകർക്ക് ഉപാധിരഹിത പട്ടയം നൽകി വരുന്നില്ല. കേരള ഭൂമി പതിവ് (1.1.1977 നു മുൻപുള്ള വനഭൂമി കുടിയേറ്റം ക്രമീകരിക്കൽ) പ്രത്യേക ചട്ടങ്ങൾ 1993 പ്രകാരമുള്ള നിബന്ധനകൾ ഉൾപ്പെടുത്തിയാണ് പട്ടയം നൽകുന്നത്. വനഭൂമിയിൽ പട്ടയം നൽകുന്നതിന് 1980 ലെ വനസംരക്ഷണ നിയമപ്രകാരമുള്ള കേന്ദ്രാനുമതി ആവശ്യമാണ്. 1.1.1977 നു മുൻപ് വനഭൂമിയിൽ കുടിയേറിയവർക്ക് പട്ടയം നൽകുന്നതിനു കേന്ദ്രാനുമതി ആവശ്യമായ കേസുകളിൽ വനം സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾക്കനുസരണമായി ശുപാർശ കേന്ദ്രസർക്കാരിനു സമർപ്പിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്. |
| ബി) 2011 മെയ് മാസത്തിനുമുമ്പ് എത്ര കുടിയേറ്റ കർഷകർക്ക് ഉപാധിരഹിത പട്ടയം നൽകിയെന്നും ഇനി എത്രപേർക്ക് നൽകാനുണ്ട് എന്നും വിശദമാക്കുമോ; | |
| സി) ഇവർക്കുള്ള പട്ടയം എന്ന് നൽകുവാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ? | |

സെക്ഷൻ ഓഫീസർ